"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - അയ്യൻകാളി നഗരതൊഴിലുറപ്പ് പദ്ധതിക്ക് കീഴിൽ 2023-24 സാമ്പത്തിക വർഷത്തിൽ 100 ദിവസത്തിൽ കുറയാതെ തൊഴിൽ എടുത്ത കുടുംബങ്ങൾക്ക് ഓണത്തോടനുബന്ധിച്ച് ഉത്സവ ബത്ത/പ്രത്യേക പാരിതോഷികമായി 1000 രൂപ വീതം അനുവദിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

സ.ഉ.(സാധാ) നം.1664/2024/LSGD തീയതി,തിരുവനന്തപുരം, 10-09-2024

---

പരാമർശം: തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 31.08.2024-ലെ LSGD/PD/26308/2023-DPLD3 നമ്പർ കത്ത്

**ഉത്തരവ്**

അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിക്ക് കീഴിൽ, മുൻസാമ്പത്തിക വർഷങ്ങളിൽ 100 ദിവസത്തിൽ കുറയാതെ തൊഴിലെടുത്ത കുടുംബങ്ങൾക്ക് ഓണത്തോടനുബന്ധിച്ച് പ്രത്യേക പാരിതോഷികം അനുവദിച്ചു വരുന്നുണ്ട്. ഇതേ മാതൃകയിൽ 2023-24 സാമ്പത്തിക വർഷം പദ്ധതിയ്ക്ക് കീഴിൽ 100 തൊഴിൽ ദിവസം പൂർത്തിയാക്കിയ 5924 കുടുംബങ്ങൾക്ക് പ്രത്യേക പാരിതോഷികം അനുവദിക്കുന്നത് പരിഗണിക്കണമെന്ന് പരാമർശം കത്ത് പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. മേൽ സൂചിപ്പിച്ച സാഹചര്യത്തിൽ, 2023-24 സാമ്പത്തിക വർഷം അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിക്ക് കീഴിൽ 100 ദിവസത്തിൽ കുറയാതെ തൊഴിലെടുത്ത എല്ലാ കുടുംബങ്ങൾക്കും 1000/- രൂപ (ആയിരം രൂപ മാത്രം) വീതം ഓണത്തോടനുബന്ധിച്ച് ഉത്സവ ബത്ത/പ്രത്യേക പാരിതോഷികമായി അനുവദിച്ച് ഉത്തരവാകുന്നു. ഇതിലേക്കാവശ്യമായ 59,24,000/- രൂപ 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ അയ്യൻകാളി നഗരതൊഴിലുറപ്പ് പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള 2217-80-800-76 (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കേണ്ടതാണ്.

3. അർഹതാ പട്ടികയിലെ യോഗ്യരായ കുടുംബങ്ങൾ 100 ദിവസം തൊഴിലെടുത്തിട്ടുണ്ടെന്ന് പദ്ധതി രേഖകൾ അടിസ്ഥാനമാക്കി ഉറപ്പ് വരുത്താനാവശ്യമായ നടപടികൾ പ്രിൻസിപ്പൽ ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജുക്കുട്ടൻ എം എസ്
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ ,തിരുവനന്തപുരം

ഡയറക്ടർ, ഇൻഫോർമേഷൻ കേരള മിഷൻ

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്

ധനകാര്യ (ഡവലപ്മെന്റ് വിംഗ്) വകുപ്പ്(Dev-2/232/2024-Fin)

എല്ലാ മുനിസിപ്പൽ കോർപ്പറേഷൻ/നഗരസഭാ സെക്രട്ടറി/മേയർ/ചെയർമാൻമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Nisam N
Date: 10-09-2024 14:05:29

സെക്ഷൻ ഓഫീസർ

പകർപ്പ്:ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ബഹു.തദ്ദേശ സ്വയംഭരണം, ഗ്രാമവികസന, എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്